ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# KERALA STATE BIODIVERSITY BOARD

A statutory and autonomous body, Government of Kerala

നം. KSBB/121/2024-TA(WS)

04.01 .2025

<u>ക്വട്ടേഷൻ ക്ഷണിക്കുന്നു</u>

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലെ 2024-2025 സാമ്പത്തിക വർഷത്തിലെ കണക്കുകൾ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. വർക്ക് ഓർഡർ ലഭിച്ച 2 ആഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിന് മുകളിൽ 2024-25 ലെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ താഴെപ്പറയുന്ന മേൽവിലാസത്തിൽ 10/02/2025 ന് വൈകുന്നേരം 3.00 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് അപ്പോൾ സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ താഴെ ഒപ്പിട്ട ഉദ്യോഗസ്ഥനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ക്വട്ടേഷൻ തുറക്കുന്നതും മറ്റ് കാരണങ്ങൾ ഇല്ലെങ്കിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്ഥിരീകരിക്കുന്നതുമാണ്. 10/02/2025 അവധി ദിവസമായി പ്രഖ്യാപിക്കപ്പെടുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽ പറഞ്ഞ സമയത്തു ക്വട്ടേഷൻ തുറക്കുന്നതാണ്. പ്രവൃത്തി ലഭിക്കുന്ന സ്ഥാപനം കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതും കരാർ വ്യവസ്ഥകൾ പ്രകാരം സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നടത്തേണ്ടതുമാണ് .

കാരണം കാണിക്കാതെ തന്നെ ക്വട്ടേഷൻ നടപടി റദ്ദാക്കുന്നതിനും ഏതെങ്കിലും ക്വട്ടേഷൻ നിരസിക്കുന്നതിനും ക്വട്ടേഷൻ തുറക്കുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ട്.

<u>അപേക്ഷ ലഭിക്കേണ്ട മേൽവിലാസം</u>

മെമ്പർ സെക്രട്ടറി,
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
കൈലാസം, റ്റി.സി.4 / 1679/ (1) 43, ബെൽഹാവൻ ഗാർഡൻസ് ,
കവടിയാർ പി. ഒ , തിരുവനന്തപുരം - 695003

മെമ്പർ സെക്രട്ടറി

Signed by
V Balakrishnan
Date: 08-01-2025 20:09:17